1

## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1310

08.2.2013- ൽ
മറുപടിക്ക്

## കയർ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും

| ചോദ്യം<br>ശ്രീ.കെ. വി. അബ്ദുൾ ഖാദർ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ കയർ വകുപ്പിന് കീഴിൽ ഓരോ കണക്കിലും വകയിരുത്തിയ പദ്ധതി പദ്ധതിയേത്ര തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കമോ; | (എ) പ്ലാൻ ഇനത്തിൽ റീ അപ്രോപ്രിയേഷൻ ഉൾപ്പെടെ 104.7 കോടി രൂപയും, നോൺ പ്ലാൻ ഇനത്തിൽ പെൻഷൻ നൽകുന്നതിന് ഉപധനാഭ്യർത്ഥന (എസ്. ഡി.ജി) പ്രകാരം ലഭിച്ച തുക ഉൾപ്പെടെ (പെൻഷൻ ആനുകൂല്യങ്ങൾക്ക് ആകെ 32 കോടി) ആകെ 40.99 കോടി രൂപ ലഭിച്ചതിൽ 31.01.2013 വരെ യഥാക്രമം 48.54 കോടി രൂപയും, നോൺ പ്ലാനിൽ ക്ഷേമ പദ്ധതി കൾക്കായി അനുവദിച്ച 32 കോടി രൂപയിൽ 26,94,25,000/- രൂപയും ചെലവഴിച്ചു. നോൺ -പ്ലാനിലെ മറ്റു ശീർഷകങ്ങളിൽ ഇതുവരെ പ്രോജക്റ്റ് ഓഫീസർമാർക്ക് അലോട്ട്മെന്റ് നൽകിയതുൾപ്പെടെ 5.07 കോടി രൂപ ചെലവായിട്ടുണ്ട്. |
| ബി) 2012-13 വർഷം കയർ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കമോ ? | ബി) 2012-13 വർഷം കയർ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വിപണി വികസന സഹായം (Market Development Assistance). ടി സാമ്പത്തിക വർഷം 800 ലക്ഷം (400 ലക്ഷം രൂപ - സംസ്ഥാനവിഹിതവും, 400 ലക്ഷം രൂപ കേന്ദ്ര വിഹിതവും) രൂപയാണ് എം.ഡി.എ ഇനത്തിൽ വകയിരുത്തിയത്. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ